# കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണസംഘം ലിമിറ്റഡ് നമ്പർ റ്റി 732

## തിരുവനന്തപുരം

**ഇമെയിൽ:** sectthousco@gmail.com :: Website: www.secretariathousco.com
**ഫോൺ** : 0471-2518714, 2518993 വാട്സ്ആപ്പ് : 8075540464

## ഡ്രീം ഹോം സ്കീമിൽ ചേരുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേരും അംഗനമ്പരും | |
| 2 | (1) അപേക്ഷകന്റെ ഓഫീസ് മേൽവിലാസം | |
| | (2) അപേക്ഷകന്റെ സ്ഥിര മേൽവിലാസം | |
| | ഓഫീസ് ഫോൺ | |
| | മൊബൈൽ നമ്പർ | |
| | വാട്സ്ആപ്പ് നമ്പർ | |
| 3 | വയസ്സ്, ജനന തീയതി | |
| 4 | പ്രതിമാസ നിക്ഷേപ തുക | |
| 5 | കാലാവധി | |
| 6 | നിക്ഷേപം തുടങ്ങുന്ന തീയതി | |
| 7 | കാലാവധി അവസാനിക്കുന്ന തീയതി | |
| 8 | അവകാശിയുടെ പേരും മേൽവിലാസവും ബന്ധവും | |

## നിബന്ധനകൾ

1 ഇതൊരു പ്രതിമാസ നിക്ഷേപ പദ്ധതി ആയിരിക്കും

2 ഈ സ്കീമിൽ ......................... മാസം നിക്ഷേപിക്കേണ്ടതാണ്. പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ നിക്ഷേപ സംഖ്യ മുടക്കം കൂടാതെ മാസംതോറും അടച്ച് ഈ സ്കീം അവസാനപ്പിക്കേണ്ടതാകുന്നു. മുടക്കമുല്ലാതെ സ്കീം പൂർത്തിയാക്കി 30 ദിവസത്തിനുശേഷം സംഘം കമ്മീഷൻ 5% കഴിച്ച് ബാക്കി .............. രൂപ ഓരോ നിക്ഷേപകനും നൽകുന്നതായിരിക്കും.

3 ഈ സ്കീമിലെ നിക്ഷേപകർക്ക് നിക്ഷേപ വായ്പ അനുവദിക്കുന്നതായിരിക്കും. ഓരോ തവണയും സംഘം കമ്മീഷനു പുറമെ സ്കീമിലെ നിക്ഷേപ സംഖ്യയുടെ 25 ശതമാനത്തിൽ അധികരിക്കാതെ എറ്റവും കൂടുതൽ സംഖ്യ ബോണസ് കമ്മീഷനായി നൽകുന്ന നിക്ഷേപകനോ സംഘം നിശ്ചയിക്കുന്ന നിക്ഷേപകനോ വായ്പ സംഖ്യ അനുവദിക്കുന്നതായിരിക്കും.

4 ഈ സ്കീമിലെ വായ്പകൾക്ക് ഓഹരി അനുപാതം ബാധകമായിരിക്കുന്നതല്ല.

5 ഒരു മാസം ഈ സ്കീമിൽ പരമാവധി ഒരു നിക്ഷേപകനുമാത്രമേ വായ്പ അനുവദിക്കുകയുള്ളൂ.

6 മേൽപ്രകാരം വായ്പ നൽകുമ്പോൾ ഓരോ നിക്ഷേപകനും ബോണസ് കമ്മീഷനായി ഉപേക്ഷിക്കുന്ന സംഖ്യ വായ്പ എടുത്തവർക്കും എടുക്കാത്തവർക്കും തുല്യമായി വീതിച്ച് ബോണസായി നൽകുന്നതായിരിക്കും. ബോണസ് വിഹിതം ഉണ്ടെങ്കിൽ ആയത് കഴിച്ച് ബാക്കി സംഖ്യ മാത്രം നിക്ഷേപ സംഖ്യയായി അടുത്ത തവണയ്ക്ക് അടച്ചാൽ മതിയാകുന്നതാണ്.

7 മാസംതോറും നിശ്ചിത തീയതിയിൽ നിക്ഷേപ സംഖ്യ അടയ്ക്കാതിരുന്നാൽ മുടക്കുകൾക്ക് 10% വീതം പലിശ ഈടാക്കുന്നതാണ്. അവധി തെറ്റിയ തവണയ്ക്ക് ദിവസം കണക്കാക്കാതെ ഒരു മാസത്തെ പലിശ നൽകേണ്ടതാണ്.

8 ഈ സ്കീമിന്റെ നിശ്ചിത തവണ ഒടുക്കേണ്ട ദിവസം അതാതു മാസം പത്താം തീയതി (ഭരണ സമിതി നിശ്ചയിക്കുന്ന മറ്റേതെങ്കിലും ദിവസം) പ്രസ്തുത തീയതി സംഘത്തിന് അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസവും ആയിരിക്കുന്നതാണ്.

9 ഈ സ്കീമിൽ നിക്ഷേപ സംഖ്യയുടെ ഈടിന്മേൽ അടഞ്ഞ സംഖ്യയുടെ ....... ശതമാനം ........ പലിശ നിരക്കിൽ വായ്പ വാങ്ങാത്ത നിക്ഷേപകന് നിക്ഷേപകടം അനുവദിക്കുന്നതാണ്. ഇതുപ്രകാരം വാങ്ങുന്ന നിക്ഷേപകടം അടച്ചശേഷം മാത്രമേ ബോണസ് ഉപേക്ഷിച്ചുകൊണ്ടുള്ള നിക്ഷേപ സ്കീം വായ്പ അനുവദിക്കുകയുള്ളൂ.

10 വായ്പ വാങ്ങിയിട്ടുള്ള നിക്ഷേപകന്റെ നമ്പറിൽ ക്രമാനുസൃതമായും മുടക്കം കൂടാതെയും സംഖ്യ നിക്ഷേപിച്ചിരിക്കേണ്ടതും അപ്രകാരം തവണകൾ മുഴുമിപ്പിക്കേണ്ടതുമാകുന്നു.

11 ഈ സ്കീം തുടങ്ങുന്ന തീയതി .......... മുതൽ ....................... ൽ അവസാനിപ്പിക്കുന്നതുമാകുന്നു. പൂർത്തിയായാൽ അത് പ്രകാരമുള്ള നിക്ഷേപത്തുക ടിയാന്റെ വായ്പ ഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്തു വായ്പാ ഇടപാട് അവസാനിപ്പിക്കുന്നതുമാകുന്നു. എന്നാൽ നിക്ഷേപകൻ സ്കീം തവണകൾ മുടക്കം വരുത്തുകയും ടിയാനിൽനിന്ന് വായ്പ ഇടപാട് അവസാനിപ്പിക്കുന്നതിന് സംഖ്യ തികയാതെ വരികയും ചെയ്യുന്നപക്ഷം അപ്രകാരമുള്ള സംഖ്യ പലിശ, മറ്റു ചെലവുകൾ എന്നിവ ഈടാക്കുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്.

12 സ്കീം വായ്പ വാങ്ങി മുടക്കം വരുത്തുന്ന നിക്ഷേപകനിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ അവരുടെ മറ്റു സ്ഥാവരജംഗമ സ്വത്തുക്കളിൽ നിന്നോ ഈ സ്കീം അവസാനിക്കുന്ന കാലാവധിക്കു മുമ്പോ അവസാനിച്ച ശേഷമോ എപ്പോൾ വേണമെങ്കിലും മുഴുവൻ വായ്പാ തുകയും പലിശ, മറ്റു ചെലവുകൾ എന്നിവ ഈടാക്കുന്നതിന് സംഘത്തിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്.

13 ഈ സ്കീമിന്റെ തവണ തീയതി സംഘം നിശ്ചയിക്കുന്ന തീയതി ആയിരിക്കുന്നതും ടി തീയതി സംഘം അവധി ദിവസമായിരുന്നാൽ അടുത്ത പ്രവൃത്തിദിവസം നിശ്ചിത തവണ തീയതി ആയിരിക്കുന്നതുമാണ്. സ്കീമിന്റെ നിശ്ചിത തീയതികളിലോ അതിനു മുമ്പോ സംഘം പ്രവർത്തന സമയത്ത് സംഖ്യ സ്വീകരിക്കുന്നതാണ്.

14 സ്കീം വായ്പ ലഭിക്കുന്നതിന് നിക്ഷേപകൻ സംഘത്തിൽ നിശ്ചിത ഫാറത്തിൽ അപേക്ഷിക്കേണ്ടതും അപേക്ഷ സംഘത്തിന് സ്വീകാര്യമെങ്കിൽ ഈ സ്കീമിന്റെ നിശ്ചിത തീയതിക്ക് ശേഷമുള്ള ഏതു ദിവസവും വായ്പ സ്വീകരിക്കാവുന്നതുമാണ്.

15 സംഘം തീരുമാനിക്കുന്ന പ്രകാരം മതിയായ ജാമ്യത്തിന്മേൽ വായ്പ അനുവദിക്കാവുന്നതാണ്. സംഘത്തിലെ അംഗങ്ങളുടെ ജാമ്യത്തിലോ, വസ്തു ജാമ്യത്തിലോ, സ്ഥിരനിക്ഷേപം എന്നിവയുടെ ജാമ്യത്തിലോ സംഘത്തിന്റെ യുക്താനുസരണം വായ്പ അനുവദിക്കാവുന്നതാണ്.

16(a) വസ്തു ജാമ്യമായി നൽകുന്നവർ ആവശ്യമായ രേഖകൾ കൂടി സമർപ്പിക്കേണ്ടതും ടി വസ്തു സൊസൈറ്റിയുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകേണ്ടതുമാണ്.

(b) ഈട് നൽകുന്ന വസ്തു മുതലായവയെ നോക്കിക്കണ്ട് തീർച്ചയാക്കുന്നതിനും വസ്തു ബാധ്യതകളെപ്പറ്റി അന്വേഷിക്കുന്നതിനും മറ്റും വേണ്ടിവരുന്ന ചെലവുകളും മുദ്രസല, എഴുത്ത് ഫീസ് മുതലായവയും അതത് സ്കീം വായ്പക്കാരൻ തന്നെ വഹിക്കേണ്ടതാണ്.

17 സംഘത്തിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടി ഒരു നിക്ഷേപകന് ടിയാന്റെ സ്കീമിലുള്ള അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ കൈമാറ്റം ചെയ്തു കിട്ടിയ

നിക്ഷേപകന് മുൻ നിക്ഷേപകനുണ്ടായിരുന്നതിനേക്കാൾ കൂടുതലായി യാതൊരവകാശാധികാരവും ഇല്ലാത്തതാകുന്നു. സ്കീം വായ്പ കൈപ്പറ്റിയ നിക്ഷേപകനെ ടിയാന്റെ നിക്ഷേപ സ്കീമിലെ അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാൻ അനുവദിക്കുന്നതല്ല.

18 സ്കീം നിക്ഷേപകൻ സംഘത്തിലേക്ക് സ്വന്തം നിലയിലോ ജാമ്യം നിലയിലോ ബാധ്യതപ്പെട്ടിട്ടുണ്ടെങ്കിൽ നിക്ഷേപ സംഖ്യ ടി ബാധ്യതയിലേക്ക് തട്ടിക്കിഴിക്കുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കും.

19 നിക്ഷേപകൻ സംഘത്തിലേക്ക് അടയ്ക്കുന്ന സംഖ്യയ്ക്ക് രസീത് നൽകുന്നതാണ്. സ്കീം വായ്പക്കാരനും ജാമ്യക്കാരനും സംഘത്തിൽ നിന്നും വാങ്ങുന്ന സംഖ്യകൾക്ക് രസീത്/ ജാമ്യച്ചീട്ട്/ പണയാധാരം മുതലായവ ഒപ്പിട്ടു തരേണ്ടതാകുന്നു.

20 മൂന്നോ മൂന്നിൽ കൂടുതലോ ഗഡുക്കൾ തുടർച്ചയായി മുടക്കം വരുത്തുന്ന സ്കീം നിക്ഷേപകന് സ്കീമിൽ തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ടിയാനെ പ്രസ്തുത സ്കീമിൽ നിന്നും നീക്കം ചെയ്യുവാൻ സംഘത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കംചെയ്യപ്പെടുന്ന നിക്ഷേപകന് ബോണസ്സിനും അർഹത ഉണ്ടായിരിക്കുന്നതല്ല. സ്കീമിൽ ടിയാൻ രൊക്കം അടച്ച സംഖ്യക്കുമാത്രം അർഹനായിരിക്കുന്നതാണ്. അടച്ച തുക സ്കീം തീരുന്ന മുറയ്ക്ക് മാത്രമേ തിരികെ ലഭിക്കുകയുള്ളൂ. ഇത്തരമൊരു നിക്ഷേപകനെ നീക്കം ചെയ്തില്ല എന്നതുകൊണ്ട് മാത്രം ടിയാനെ സ്കീമിൽ തുടരുന്നതിന് അനുവദിച്ചതായി കണക്കാക്കാവുന്നതല്ല.

21 ഈ സ്കീമിന്റെ നടത്തിപ്പിനെ സംബന്ധിച്ച ആവശ്യമാണെന്ന് തോന്നുന്ന യുക്തമായ കൂടുതൽ നിബന്ധനകൾ കൂട്ടിച്ചേർക്കുന്നതിനും, ഈ നിബന്ധനകൾക്ക് ആവശ്യമാണെന്ന് തോന്നുന്ന ഭേദഗതികൾ വരുത്തുന്നതിനും സംഘം ഭരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കംചെയ്യുന്നതോ കൂട്ടിച്ചേർക്കുന്നതോ ആയ എല്ലാ നിബന്ധനകളും സ്കീം നിക്ഷേപകനും സ്കീം വായ്പക്കാരനും ബാധകമായിരിക്കുന്നതാണ്.

22 ഈ സ്കീം /വായ്പ സംബന്ധിച്ചുണ്ടാകുന്ന എല്ലാ തർക്കങ്ങളിലും സംഘം ഭരണ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

സംഘം നടത്തിവരുന്ന നിക്ഷേപ പദ്ധതിയെ സംബന്ധിച്ച നിബന്ധനകൾ ഞാൻ പൂർണമായി അംഗീകരിച്ച് ഒരു നിക്ഷേപകനായി ചേർന്നിരിക്കുന്നു

**പേര്:**

**ഒപ്പ്:**

**സ്ഥലം:**

**തീയതി:**

**DHS നമ്പർ:**

**പ്രസിഡന്റ്** **സെക്രട്ടറി**